Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, whether the Government will please note that before answering supplementary questions, the questions on hand relates only to supply of water to the coastal areas?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതിനുമുമ്പുണ്ടായിരുന്ന മന്ത്രിയുടെ കാലത്തുണ്ടായിരുന്ന കോസ്റ്റൽ ഏരിയയെക്കാൾ കൂടുതലായി പുതിയ മന്ത്രിയുടെ കാലത്തു് എത്ര കൂടുതൽ സ്ഥലങ്ങളിൽ ശുദ്ധജലം കൊടുക്കുവാൻ സാധിച്ചിട്ടുണ്ടു്?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: കൊടുത്തു കഴിഞ്ഞിട്ടില്ല. കഴിഞ്ഞ കൊല്ലത്തിൽ വൈപ്പിനിൽ മാത്രമേ കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. എല്ലായിടത്തും കൊടുക്കുവാൻ സാധിക്കാതെ വന്നതു് മന്ത്രിയുടെ കുറവുകൊണ്ടൊന്നുമല്ല. അത്രയും സാധിച്ചതുതന്നെ മന്ത്രിയുടെ മിടുക്കുകൊണ്ടാണു്. മന്ത്രി മാറിയെന്നുള്ളതുകൊണ്ടു് ഗവണ്മെണ്ടിനു കൂടുതലായിട്ടു ചെയ്യുവാൻ സാധിച്ചുവെന്നു പറയുന്നില്ല. പിന്നെ കൂടുതലായിട്ടു കൊടുക്കുവാൻ ഇപ്പോൾ സാധിക്കുന്നു എന്നേയുള്ളൂ.

മിസ്റ്റർ പി. നാരായണമേനോൻ: ഈ രണ്ടു പ്രദേശങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണു"?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: വൈപ്പിൻതുരുത്തു ഭാഗങ്ങളിൽ മുഴുവനും ഉപ്പുവെള്ളമാണു്. എന്നാൽ എറണാകുളത്തിനു കിഴക്കുഭാഗമുള്ള എളങ്കുളം വില്ലേജു് പ്രദേശങ്ങളിൽ അതുപോലെ ഉപ്പുവെള്ളമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. നാരായണമേനോൻ: എളങ്കുളംഭാഗങ്ങളിൽ മുഴുവനും ഉപ്പുവെള്ളംതന്നെയാണു്.

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: എന്നാൽ അതിനെപ്പറ്റി ആലോചിക്കുന്നതാണു്

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, whether this question on which supplementary questions are put refers only to coastal area water supply? Have you noted that.....

Mr. President: Order, order. I call the next question.

EX-SERVICEMEN—NUMBER OF

96. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) യുദ്ധസേവനം കഴിഞ്ഞു കൊച്ചിയിലേക്കു മടങ്ങിയിട്ടുള്ള കൊച്ചിക്കാർ എത്രയുണ്ടെന്നു് വല്ല കണക്കും ഗവണ്മെണ്ടിന്റെ കൈവശമുണ്ടോ;

(ബി) അതിനു് തിട്ടമായ കണക്കില്ലെങ്കിൽ അവരുടെ കണക്കുകൾ ശേഖരിക്കുവാൻ ഗവണ്മെണ്ടു് വല്ല ശ്രമവും ചെയ്യുന്നുണ്ടോ;

(സി) തൃശ്ശിവപേരൂർ എംപ്ലോയിമെന്റു് എക്സ്ചേഞ്ചിൽ എത്രപേർ പേരു രജിസ്റ്റർ ചെയ്തിട്ടുണ്ടു്?

റാവുസാഹിബ്ബു് പി. വി. റാഫേൽ:

(എ) ഇപ്പോൾ ഗവണ്മെണ്ടിന്റെ കൈവശം ഒരു കണക്കും ഇല്ല.

(ബി) ഉണ്ടു്.

(സി) ൪,൦൫൦.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: യുദ്ധസേവനത്തിനു കൊച്ചിയിൽനിന്നും പോയിട്ടുള്ളവരുടെ കണക്കു് വല്ലതുമുണ്ടോ?

റാവു സാഹിബ്ബു് പി. വി. റാഫേൽ: യുദ്ധസേവനത്തിനു പോയിട്ടുള്ളവരുടെ കണക്കു് ഉണ്ടായിരിക്കുമെന്നാണു് തോന്നുന്നതു്. ഇപ്പോൾ അതിന്റെ കണക്കു എനിക്കു ഓർമ്മയില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: So are we to take it that the Government have not got any statistics?

Rao Sahib P. V. Raphael *(Chief Secretary to Government)*: Statistics about what?

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Statistics about our youngsters who have gone to the front and shed blood in the service of the Empire.

Rao Sahib P. V. Raphael *(Chief Secretary to Government)*: I say there will be accounts, but I am not in possession of these just now.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Are the Government sure that they have got statistics about the number of persons who have gone out of Cochin on War service.

Rao Sahb P. V. Raphael *(Chief Secretary to Government)*: That is what I said.

LIBRARY ARCHIVES Kerala Legislative Assembly